**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 764** **28-01-2026 - ൽ മറുപടിയ്ക്ക്**

**സൗരോർജ്ജ വൈദ്യുതി ഉല്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. കെ. ടി. ജലീൽ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന സൗരോർജ്ജ മേഖലയിൽ സംസ്ഥാനത്തു നടപ്പിലാക്കിയ 'സൗര' പുരപ്പുറ സോളാർ പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 203.34 മെഗാവാട്ടിന്റെ 49,402 നിലയങ്ങൾ കമ്മീഷൻ ചെയ്തു. കൂടാതെ MNRE DBT സ്കീം, പ്രധാനമന്ത്രി സൂര്യഘർ യോജന, പി. എം. കുസും, സോളാർ സിറ്റി, ഡാം ടോപ്പ്, കനാൽ ടോപ്പ്, ഗ്രൗണ്ട് ടോപ്പ്, വിവിധ ഗവൺമെന്റ് കെട്ടിടങ്ങളിലെ പുരപ്പുറ സോളാർ, ഫ്ലോട്ടിംഗ് സോളാർ തുടങ്ങി വിവിധ പദ്ധതികളിലായി 1595.6 MW ഗ്രിഡിലേക്കു കൂട്ടിച്ചേർക്കാൻ കഴിഞ്ഞിട്ടുണ്ട്. സൗരോർജ്ജ മേഖലയിൽ നിലവിലുള്ള 2,103.07 MW-ൽ, 1,798.94 MW സ്ഥാപിത ശേഷി ഈ സർക്കാരിന്റെ കാലയളവിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനെർട്ട് മുഖേന 2021 മുതൽ നാളിതുവരെ ഗാർഹിക, സർക്കാർ, പൊതുസ്ഥാപനങ്ങൾ ഉൾപ്പടെ ആകെ 36.841 മെഗാ വാട്ടിന്റെ 4215 സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചു. |
| (ബി) | പരമ്പരാഗതവും പരമ്പര്യേതരവുമായ രീതിയിൽ വൈദ്യുതി ഉല്പാദനത്തിൽ വന്നിട്ടുള്ള പുരോഗതി എത്ര മെഗാവാട്ട് വീതമാണെന്ന് വിശദമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖേന പരമ്പരാഗതമായ രീതിയിൽ 132.036 മെഗാവാട്ട് മൊത്തം സ്ഥാപിത ശേഷിയുള്ള ആറു ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കി. ഈ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | കമ്മീഷൻ ചെയ്ത തീയതി |
|---|---|---|
| 1 | അപ്പർ കല്ലാർ ചെറുകിട ജല വൈദ്യുത പദ്ധതി (2 MW /5.14MU) | 30.09.2021. |
| 2 | പൊരിങ്ങൽകുത്ത് ചെറുകിട ജലവൈദ്യുത പദ്ധതി (24 MW/45.02MU) | 04.05.2022. |
| 3 | പെരുവണ്ണാമൂഴി ചെറുകിട ജലവൈദ്യുത പദ്ധതി (6 | 26.02.2024. |

| | | |
|---|---|---|
| | MW/24.70MU) | |
| 4 | തൊട്ടിയാർ ജലവൈദ്യുതപദ്ധതി (40MW/99MU) | 28.10.2024. |
| 5 | പൊരിങ്ങൽക്കുത്ത് മൈക്രോ (0.036MW,0.25MU) | കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചു. |
| 6 | പള്ളിവാസൽ വിപുലീകരണ പദ്ധതി (60 MW, 153.90MU) | 5.12.2024 - ൽ കൊമേർഷ്യൽ ഓപ്പറേഷൻ ആരംഭിച്ചു. |
| | **ആകെ** | **132 .036 MW** |

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സൗരോർജ്ജ ഉല്പാദന രംഗത്ത് 31.12.2025 വരെ 1798.94 MW അധിക സ്ഥാപിത ശേഷിയും, വിൻഡ് മേഖലയിൽ സ്വകാര്യ കാറ്റാടി നിലയങ്ങൾ വഴി 1.25 മെഗാവാട്ടിന്റെ അധിക സ്ഥാപിത ശേഷിയും കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2021-2026 കാലഘട്ടത്തിൽ സംസ്ഥാനത്ത് വൈദ്യുതോദ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ മുഖേന ആനക്കാംപൊയിൽ (8 MW), അരിപ്പാറ (4 MW), മുക്കടം (4 MW) ചെറുകിട ജല വൈദ്യുത പദ്ധതി എന്നിവ കമ്മീഷൻ ചെയ്യുകയും ഗ്രിഡിലേക്ക് വൈദ്യുതി ഉല്പാദനം ആരംഭിക്കുകയും ചെയ്തു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ